**COCHIN DEVASWOM BOARD**
**Round North, Thrissur – 680 001**
**PH: 2331124, 2327028 FAX: 2335874, 2327029**
**E-mail: admin@cochindevaswomboard.org**

**R1. 15290/2014** **Dated: 12/07/2024**

## കൊച്ചിൻ ദേവസ്വം ബോർഡ് വക വാരണാസി സത്രം ലൈസൻസ് വ്യവസ്ഥയിൽ നൽകുന്നതിനുള്ള ടെണ്ടർ പരസ്യം

കൊച്ചിൻ ദേവസ്വം ബോർഡ് വക വാരണാസി (ഉത്തർപ്രദേശ്) ൽ സ്ഥിതി ചെയ്യുന്ന വാരണാസി സത്രം താഴെ പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി ലൈസൻസ് വ്യവസ്ഥയിൽ എടുക്കുന്നതിന് താൽപര്യമുള്ള വ്യക്തികളിൽ നിന്നും, സ്ഥാപനങ്ങളിൽ നിന്നും നിശ്ചിത മാതൃകയിലുള്ള ടെണ്ടർ ഫോമുകളിൽ തയ്യാറാക്കിയ മത്സരസ്വഭാവമുള്ള sealed ടെണ്ടറുകൾ ക്ഷണിക്കുന്നു.

ടെണ്ടറുകൾ, ദേവസ്വം കമ്മീഷണർ, കൊച്ചിൻ ദേവസ്വം ബോർഡ് എന്ന പേരിൽ തൃശ്ശൂരിൽ മാറാവുന്ന 30000/-ക യ്ക്കുള്ള DD കൾ നിരതദ്രവ്യം സഹിതം സമർപ്പിക്കേണ്ടതാണ്. നിരതദ്രവ്യം അടക്കം ചെയ്യാതെ സമർപ്പിക്കുന്ന ടെണ്ടറുകൾ യാതൊരു കാരണവശാലും സ്വീകരിക്കുന്നതല്ല. ടെണ്ടർ ഫോറം പൂർണ്ണമായും പൂരിപ്പിച്ച് സമർപ്പിക്കേണ്ടതാണ്. ടെണ്ടറുകൾ തൃശ്ശൂർ റൗണ്ട് നോർത്തിലുള്ള കൊച്ചിൻ ദേവസ്വം ബോർഡ് ഓഫീസിൽ വച്ചിരിക്കുന്ന ടെണ്ടർ ബോക്സിൽ 22/07/2024 തിയ്യതി 3.00 പി.എം വരെ നിക്ഷേപിക്കാവുന്നതാണ്. അന്നേ ദിവസം തന്നെ പരസ്യമായി ലേലം നടത്തുന്നതുമാണ്. ലേലത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ 30000/-ക നിരതദ്രവ്യമായി പണമായോ മേൽ കാണിച്ച പ്രകാരം DD ആയോ സമർപ്പിക്കേണ്ടതാണ്. ലേലം ഏറ്റവും കൂടുതൽ വിളിക്കുന്ന ആളുടെ പേരിൽ 3 വാക്ക് വിളിച്ചു നിർത്തി ടെണ്ടർ സമർപ്പിച്ചവരുടെ സാന്നിദ്ധ്യത്തിൽ ടെണ്ടർ ബോക്സ് തുറന്ന് പരിശോധിക്കുന്നതാണ്. ടെണ്ടറിലോ ലേലത്തിലോ ഏതാണോ അധികം സംഖ്യ ലഭിക്കുന്നത് എങ്കിൽ കൂടുതൽ സംഖ്യ വരുന്ന വ്യക്തിയുടെ പേരിൽലേലം/ടെണ്ടർ ഉറപ്പിക്കുന്നതാണ്. അല്ലാത്തവ നിരുപാധികം തള്ളി കളയുന്നതിനും താഴെ ഒപ്പിടുന്ന ആൾക്ക് പരിപൂർണ്ണ അധികാരം ഉണ്ടായിരിക്കുന്നതാണ്.

## വ്യവസ്ഥകൾ

1) ടെണ്ടർ/ലേലം പ്രകാരം അനുവദിക്കുന്ന വാരണാസി സത്രത്തിന്റെ ലൈസൻസ് ഏൽപ്പന കാലാവധി 03/08/2024 മുതൽ 31/03/2027 വരെ ആയി നിജപ്പെടുത്തിയിരിക്കുന്നു.

2) നിരതദ്രവ്യം സംഖ്യ 30000/- ആയി നിജപ്പെടുത്തിയിരിക്കുന്നു.

3) ടെണ്ടറുകാരന്റെ പേരിൽ ടെണ്ടർ ഉറപ്പിച്ചതിനുശേഷം പങ്കെടുത്ത ലേലക്കാർ/ടെണ്ടറുകാർക്ക് EMD തിരിച്ചു നൽകുന്നതാണ്. EMD സംഖ്യ, ടെണ്ടർ കൊള്ളുന്ന വ്യക്തി മുഴുവൻ ടെണ്ടർ തുകയും അടച്ചു തീർത്തു എന്നുറപ്പാക്കി ടെണ്ടർ കാലാവധിക്ക് ശേഷം തിരികെ നൽകുന്നതോ അല്ലെങ്കിൽ ടെണ്ടർ/ലേലം ഉറപ്പിച്ചതിനുശേഷമുള്ള സെക്യൂരിറ്റി ഡെപ്പോസിറ്റിലേക്ക് അഡ്ജസ്റ്റ് ചെയ്യുന്നതോ ആണ്.

4) സമർപ്പിക്കുന്ന ടെണ്ടറുകളിൽ ഏൽപന കാലാവധി 03/08/2024 മുതൽ 31/03/2027 എന്ന് വ്യക്തമായി രേഖപ്പെടുത്തേണ്ടതാണ്.

5) ടെണ്ടർ സമർപ്പിക്കുന്നവർ ആദ്യവർഷത്തെ ടെണ്ടർ സംഖ്യ ടെണ്ടർ ഉറപ്പിച്ച് ബോർഡ് ഉത്തരവ് നൽകി 15 ദിവസത്തിനകം അഡ്വാൻസായി അടക്കേണ്ടതാണ്. പിന്നീട് വരുന്ന വർഷങ്ങളിലെ സംഖ്യകൾ നിലവിലുള്ള കാലാവധി ഒരു വർഷം അവസാനിക്കുന്നതിന് 30 ദിവസം മുൻപ് മുൻകൂറായി അടച്ച് രശീതി കൈപറ്റേണ്ടതാണ്. ഇതിൽ ഒരുമാസത്തിൽ കൂടുതൽ വീഴ്ച വരുത്തുന്ന പക്ഷം സമർപ്പിച്ച എഗ്രിമെന്റ് റദ്ദ് ചെയ്ത് കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ പുനർലേലം അഥവാ ടെണ്ടർ നടത്തുന്നതാണ്.

6) <u>6 മാസത്തെ വാടക സെക്യൂരിറ്റി ഡെപ്പോസിറ്റായി ലേലം കൊണ്ട വ്യക്തി ലൈസൻസ് ഡീഡ് ഒപ്പു വെക്കുന്നതിന് മുമ്പായി അടക്കേണ്ടതാണ്. ആയത് കാലാവധി കഴിയുന്ന മുറക്ക് ബാദ്ധ്യതകൾ ഇല്ലെന്ന് കാണുന്ന പക്ഷം പലിശ ഇല്ലാതെ തിരിച്ച് നൽകുന്നതാണ്.</u>

7) 3 വർഷത്തേക്ക് ഏൽപന കാലാവുധി നിശ്ചയിച്ച് ടെണ്ടർ അംഗീകരിച്ച് ഉത്തരവ് നൽകുന്ന മുറക്ക് കേരള സ്റ്റാമ്പ് ആക്ട് അനുസരിച്ച് ഉള്ള

മുദ്രപത്രത്തിൽ ലൈസൻസ് ഡീഡ് സ്വന്തം ചിലവിൽ തയ്യാറാക്കി ഒപ്പുവച്ച് നൽകേണ്ടതാണ്.

8) സത്രം ടെണ്ടർ വ്യവസ്ഥയിൽ എടുക്കുന്നവർ ടെണ്ടർ സംഖ്യയ്ക്ക് പുറമെ ടി സംഖ്യയ്ക്ക് നിയമപ്രകാരമുള്ള ജി.എസ്.ടി കൂടി ചേർത്ത് അടക്കേണ്ടതാണ്. ടെണ്ടർ പ്രകാരം സത്രം ഏറ്റെടുക്കുന്ന തിയ്യതി മുതൽ വൈദ്യുതി ചാർജ്ജ്, വാട്ടർ ചാർജ്ജ് അതാത് സമയം സത്രം ലൈസൻസ് വ്യവസ്ഥയിൽ എടുത്ത വ്യക്തി അടക്കേണ്ടതാണ്. ടെണ്ടർ കാലാവധിയിൽ ടി സ്ഥലത്തിന് അടക്കേണ്ടതായ കെട്ടിടനികുതി, ഭൂനികുതി എന്നിവ ടെണ്ടർ കൊണ്ട വ്യക്തി അടക്കേണ്ടതും ടി സംഖ്യ തിരികെ നൽകുന്നതിന് അപേക്ഷ സമർപ്പിക്കുന്ന മുറയ്ക്ക് റീഫണ്ട് ബിൽ ചെയ്ത് നൽകുകയോ വാടകയിൽ കുറവ് ചെയ്ത് നൽകുകയോ ചെയ്യുന്നതാണ്.

9) കൊച്ചിൻ ദേവസ്വം ബോർഡ് അംഗീകരിച്ച പൊതുമാതൃകയിൽ ഉള്ള എഗ്രിമെന്റ് ഫോർമാറ്റിൽ മാത്രം ലൈസൻസ് കരാർ വക്കേണ്ടതാണ്. ഈ കരാറിൽ ബോർഡ് അംഗീകരിക്കാത്ത വ്യവസ്ഥകൾ കൂട്ടി ചേർക്കുവാനോ ബോർഡ് അംഗീകാരമില്ലാതെ നിലവിലുള്ള ക്ലോസുകൾ ഒഴിവാക്കുവാനോ പാടില്ലാത്തതാണ്.

10) ടെണ്ടർ കൊണ്ട വ്യക്തി /സ്ഥാപനം അനുവദിച്ച് ഉത്തരവ് ലഭിച്ച് 15 ദിവസത്തിനകം ആദ്യ വർഷത്തെ ലൈസൻസ് ഫീ സംഖ്യ+ GST കൊച്ചിൻ ദേവസ്വം ബോർഡ് ഓഫീസിൽ അടച്ച് രശീതി കൈപ്പറ്റി നിശ്ചിത സ്റ്റാമ്പ് പേപ്പറിൽ ലൈസൻസ് കരാർ തയ്യാറാക്കി ഒപ്പുവച്ച് താക്കോൽ ഏറ്റ് വാങ്ങേണ്ടതാണ്. അല്ലാത്ത പക്ഷം സത്രം അനുവദിച്ച ഉത്തരവ് റദ്ദ് ചെയ്യുന്നതാണ്. മേൽ കാണിച്ച സംഖ്യകൾ അടച്ച് കഴിഞ്ഞ ശേഷം ലൈസൻസ് കരാർ ഒപ്പുവച്ച് താക്കോൽ ഏറ്റ് വാങ്ങാത്ത പക്ഷം അടച്ച സംഖ്യകൾ എല്ലാംതന്നെ കൊച്ചിൻ ദേവസ്വം ബോർഡിലേക്ക് മറ്റൊരറിയിപ്പ് കൂടാതെ മുതൽ കൂട്ടുന്നതാണ്.

11) സത്രം ലൈസൻസ് വ്യവസ്ഥയിൽ എടുക്കുന്ന വ്യക്തി ടി കെട്ടിടത്തിൽ ഉണ്ടാകുന്ന എല്ലാതരം മാലിന്യങ്ങളും അവരവരുടെ സ്വന്തം ഉത്തരവാദിത്ത്വത്തിലും, സമീപ സ്ഥാപനങ്ങൾക്കോ പൊതുജനങ്ങൾക്കോ മുറികൾക്കോ തടസ്സമോ, നാശനഷ്ടമോ, ശല്യമോ വരാത്ത വിധം സ്വന്തം ചിലവിൽ നീക്കം ചെയ്യേണ്ടതാണ്. മാലിന്യങ്ങൾ കെട്ടിട സമുച്ചയത്തിന് ദോഷമാകും വിധം കൈകാര്യം ചെയ്യാൻ പാടുള്ളതല്ല. ഇപ്രകാരം പ്രവർത്തിക്കാത്ത പക്ഷം ഉണ്ടാകുന്ന സകലവിധ കഷ്ടനഷ്ടങ്ങൾക്കും അതാത് വ്യക്തികൾ/സ്ഥാപനങ്ങൾ മാത്രം ഉത്തരവാദികൾ ആയിരിക്കുന്നതാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളോ, മറ്റു ഏതെങ്കിലും അധികാരസ്ഥാപനങ്ങൾ നിഷ്കർഷിക്കുന്ന മാലിന്യസംസ്കരണ പ്ലാന്റുകളും, മറ്റും ബന്ധപ്പെട്ട കക്ഷികൾ സ്വന്തം ഉത്തരവാദിത്വത്തിൽ ചെയ്യേണ്ടതാണ്. മാലിന്യ സംസ്കരണം കൊച്ചിൻ ദേവസ്വം ബോർഡിന്റെ ഉത്തരവാദിത്വത്തിൽ വരുന്നതല്ല.

12) ലൈസൻസ് വ്യവസ്ഥയിൽ എടുക്കുന്ന സത്രം അന്യകൈവശം നൽകുകയോ, മേൽ വാടകക്ക് നൽകുകയോ ചെയ്യാൻ പാടില്ലാത്തതാണ്. സത്രത്തിന് ബോർഡിന്റെ അനുമതികൂടാതെ യാതൊരു രൂപമാറ്റങ്ങളോ, കൂടി ചേർക്കലുകളോ നടത്തുവാൻ പാടുള്ളതല്ല. അത്തരം നിർമ്മാണ പ്രവർത്തനങ്ങൾ ദേവസ്വം മരാമത്ത് വിഭാഗത്തിന്റെ മേൽ നോട്ടത്തിലും മുൻകൂട്ടിയുള്ള അനുവാദത്തോടെയും മാത്രം നടത്തേണ്ടതാണ്. കെട്ടിടത്തിന്റെ ഉറപ്പിനെ ബാധിക്കുന്ന വിധത്തിൽ ടി കെട്ടിടത്തിന്റെ യഥാർത്ഥ നിർമ്മിതിക്ക് ബലക്ഷയം വരുത്തുന്ന വിധത്തിൽ ഉള്ള യാതൊരുവിധ നിർമ്മാണ പ്രവൃത്തികളും അനുവദിക്കുന്നതല്ല. മേൽ പ്രകാരം ബോർഡിന്റെ അറിവോ, അനുമതിയോ ഇല്ലാതെ നിയമവിരുദ്ധമായി നിർമ്മിതികൾ നടത്തുന്ന ലൈസൻസിയെ നോട്ടീസ് ഇല്ലാതെ ഒഴിപ്പിക്കുന്നതാണ്.

13) കരാർ കാലാവധിക്ക് മുൻപായി സത്രം ഒഴിയാൻ ആഗ്രഹിക്കുന്ന പക്ഷം ഒഴിയുന്നതിന് 6 മാസം മുമ്പ് വാടക കരാറിൽ നിന്നും ഒഴിയുന്നതാണെന്ന് കാണിച്ച് കത്ത് നൽകേണ്ടതും, അല്ലാത്തപക്ഷം സെക്യൂരിറ്റി ഡെപ്പോസിറ്റ്

മുതൽക്കൂട്ടുന്നതടക്കമുള്ള നടപടികൾ സ്വീകരിക്കുന്നതുമാണ്. ടി കെട്ടിടം ഒഴിയുന്ന തിയ്യതി വരെയുള്ള വൈദ്യുതി ചാർജ്ജ് കുടിശ്ശിക, വെള്ളക്കരം, ലൈസൻസ് ഫീ എന്നിവ അടച്ച് തീർത്ത് ഒഴിമുറി വക്കേണ്ടതും, ടി മുറിക്ക് ഒഴിയുന്ന തിയ്യതി വരെ വൈദ്യുതി കുടിശ്ശിക ഇല്ല എന്നതിന് ഒരു സാക്ഷ്യപത്രവും വെള്ളക്കരം ലൈസൻസ്ഫീ എന്നിവ അടച്ച രശീതികളും ബന്ധപ്പെട്ട സ്ഥാപനത്തിൽ നിന്നും ലഭ്യമാക്കി സമർപ്പിക്കേണ്ടതുമാണ്. ലേലം കൊള്ളുന്ന വ്യക്തി ഇതുമായി ബന്ധപ്പെട്ട് തദ്ദേശീയമായ എല്ലാ നിയമങ്ങളും കാലാകാലങ്ങളിൽ വരുത്തുന്ന ഭേദഗതികളോടെ പാലിക്കുന്നതിനും എല്ലാ ലൈസൻസുകളും മറ്റു അനുമതികളും എടുക്കുന്നതിനും ടെണ്ടർ/ലേലം കൊണ്ട വ്യക്തി ബാദ്ധ്യസ്ഥനാണ്.

14) സത്രം ലൈസൻസ് വ്യവസ്ഥയിൽ എടുത്ത വ്യക്തി ലൈസൻസ് ഫീ മുടക്ക് വരുത്തുന്നപക്ഷം കേരള റവന്യൂ റിക്കവറി നടപടി വഴി കുടിശ്ശിക പിരിച്ചെടുക്കുതിനും, സത്രം ഒഴിപ്പിക്കുന്നതിന് നിയമപ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. കുടിശ്ശിക ഈടാക്കി ലഭിക്കുന്നത് വരെ 12% പലിശ ഈടാക്കുന്നതാണ്.

15) ടെണ്ടർ കൊണ്ട വ്യക്തി കൊച്ചിൻ ദേവസ്വം ബോർഡിന്റേതല്ലാത്ത കാരണത്താൽ ടെണ്ടർ സ്വമേധയാ ഒഴിയുന്നപക്ഷം നിരതദ്രവ്യം സംഖ്യ കൊച്ചിൻ ദേവസ്വം ബോർഡിലേക്ക് മുതൽ കൂട്ടുന്നതാണ്. ഏതെങ്കിലും കാരണവശാൽ ടെണ്ടർ കൊണ്ട മുറി അനുവദിച്ച് നൽകാൻ സാധിക്കാത്ത സാഹചര്യം വരുന്ന പക്ഷം നിരതദ്രവ്യം സംഖ്യ തിരികെ നൽകുന്നതാണ്. ബോർഡിന് കീർത്തിഭംഗം വരുത്തുന്ന രീതിയിലോ സൽപേരിന് കോട്ടം വരുത്തുന്ന രീതിയിലിയോ ടെണ്ടർ/ലേലം കൊണ്ട വ്യക്തി പ്രവർത്തിക്കാൻ പാടില്ലാത്തതും അത്തരം എന്തെങ്കിലും സാഹചര്യം ഉണ്ടായാൽ ടിയാന്റെ ടെണ്ടർ/ലേലം റദ്ദാക്കി ടിയാന്റെ നഷ്ടോത്തരവാദിത്വത്തിൽ പുനർലേലം നടത്തുന്നതാണ്.

16) വാടക കാലയളവിൽ വാടകക്കാരൻ മൂലം സത്രത്തിലെ ഏതെങ്കിലും തരത്തിലുള്ള നാശനഷ്ടങ്ങൾ സംഭവിക്കുകയും, നാശനഷ്ടം നികത്തുന്നതിന് സെക്യൂരിറ്റി ഡെപ്പോസിറ്റ് തികയാതെ വരുന്ന പക്ഷം വാടകക്കാരന്റെ സ്ഥാവരജംഗമ വസ്തുക്കളിൽ നിന്ന് ഈടാക്കുന്നതുമാണ്.

17) വാരണാസി സത്രം മുറികൾ 10 ദിവസത്തിൽ കൂടുതൽ ഒരേ വ്യക്തിയ്ക്ക് വാടകയ്ക്ക് നൽകാൻ പാടില്ലാത്തതാണ്.

18) ഈ എഗ്രിമെന്റ് സംബന്ധിച്ച് എന്തെങ്കിലും തർക്കങ്ങൾ ഉടലെടുക്കുന്ന പക്ഷം ആയതിന്റെ അധികാരപരിധി തൃശ്ശൂർ കോടതികൾക്ക് മുമ്പിലായിരിക്കും.

മേൽ കാണിച്ച വ്യവസ്ഥകൾ അംഗീകരിക്കുന്ന പക്ഷം മാത്രം ടെണ്ടർ സമർപ്പിക്കേണ്ടതാണ്. ടെണ്ടർ സഹിതം തിരിച്ചറിയൽ രേഖയുടെ പകർപ്പ് സമർപ്പിക്കേണ്ടതാണ്. ടെണ്ടർ ദേവസ്വത്തിന് ഗുണകരമല്ലെന്ന് കണ്ടാൽ നിറുത്തി വക്കുന്നതിനും വേണ്ടെന്നു വക്കുന്നതിനും അസാധുവാക്കുന്നതിനും താഴെ ഒപ്പു വക്കുന്ന ഉദ്യോഗസ്ഥന്/ഉദ്യോഗസ്ഥക്ക് പരിപൂർണ്ണ അധികാരം ഉണ്ടായിരി ക്കുന്നതാണ്. ടെണ്ടറുകൾ ഈ പരസ്യം സഹിതം ചേർത്ത നിശ്ചിത മാതൃകയിൽ തന്നെ തയ്യാറാക്കി സമർപ്പിക്കേണ്ടതാണ്.

ഈ ടെണ്ടറിനെപ്പറ്റി കൂടുതൽ അറിയാൻ ആഗ്രഹിക്കുന്നവർ കൊച്ചിൻ ദേവസ്വം ബോർഡ് ഓഫീസിൽ നേരിൽ പ്രവൃത്തി ദിവസങ്ങളിൽ പ്രവൃത്തി സമയങ്ങളിൽ അന്വേഷിച്ചാൽ അറിയാവുന്നതാണ്.

സ്ഥലം : തൃശ്ശൂർ
തിയ്യതി : 12/07/2024

സെക്രട്ടറി
കൊച്ചിൻ ദേവസ്വം ബോർഡ്
തൃശ്ശൂർ

# കൊച്ചിൻ ദേവസ്വം ബോർഡ് വക വാരണാസി സത്രം

# ലൈസൻസ് വ്യവസ്ഥയിൽ അനുവദിക്കുന്നതിനുള്ള

# ടെണ്ടർ ഫോറം

Photo

1. പേര് :
2. മേൽവിലാസം :
3. അച്ഛന്റെപേര് :
4. മൊബൈൽ നമ്പർ :
5. രാജ്യം :
6. സംസ്ഥാനം :
7. ജില്ല :
8. താലൂക്ക് :
9. വില്ലേജ് :
10. ആധാർ കാർഡ് നമ്പർ (Copy to be attached) :
11. അനുവദിക്കേണ്ട മുറി സംബന്ധിച്ച വിവരം :
    (a) കെട്ടിട നമ്പർ :
    (b) സമർപ്പിക്കുന്നനിരക്ക് ചതുരശ്ര അടിക്ക് :
12. ഏൽപനകാലാവധി (ഏതാണെന്ന് (√) മാർക്ക് ചെയ്യുക) : 3 വർഷം

**<u>വ്യവസ്ഥകൾ :-</u>**

1) ടെണ്ടർ/ലേലം പ്രകാരം അനുവദിക്കുന്ന വാരണാസി സത്രത്തിന്റെ ലൈസൻസ് ഏൽപ്പന കാലാവധി 03/08/2024 മുതൽ 31/03/2027 ആയി നിജപ്പെടുത്തിയിരിക്കുന്നു.

2) നിരതദ്രവ്യം സംഖ്യ 30000/- ആയി നിജപ്പെടുത്തിയിരിക്കുന്നു.

3) ടെണ്ടറുകാരന്റെ പേരിൽ ടെണ്ടർ ഉറപ്പിച്ചതിനുശേഷം പങ്കെടുത്ത ലേലക്കാർ/ടെണ്ടറുകാർക്ക് EMD തിരിച്ചു നൽകുന്നതാണ്. EMD സംഖ്യ, ടെണ്ടർ കൊള്ളുന്ന വ്യക്തി മുഴുവൻ ടെണ്ടർ തുകയും അടച്ചു തീർത്തു എന്നുറപ്പാക്കി ടെണ്ടർ കാലാവധിക്ക് ശേഷം തിരികെ നൽകുന്നതോ അല്ലെങ്കിൽ ടെണ്ടർ/ലേലം ഉറപ്പിച്ചതിനുശേഷമുള്ള സെക്യൂരിറ്റി ഡെപ്പോസിറ്റിലേക്ക് അഡ്ജസ്റ്റ് ചെയ്യുന്നതോ ആണ്.

4) സമർപ്പിക്കുന്ന ടെണ്ടറുകളിൽ ഏൽപന കാലാവധി 03/08/2024 മുതൽ 31/03/2027 എന്ന് വ്യക്തമായി രേഖപ്പെടുത്തേണ്ടതാണ്.

5) ടെണ്ടർ സമർപ്പിക്കുന്നവർ ആദ്യവർഷത്തെ ടെണ്ടർ സംഖ്യ ടെണ്ടർ ഉറപ്പിച്ച് ബോർഡ് ഉത്തരവ് നൽകി 15 ദിവസത്തിനകം അഡ്വാൻസായി അടക്കേണ്ടതാണ്. പിന്നീട് വരുന്ന വർഷങ്ങളിലെ സംഖ്യകൾ നിലവിലുള്ള കാലാവധി ഒരു വർഷം അവസാനിക്കുന്നതിന് 30 ദിവസം മുൻപ് മുൻകൂറായി അടച്ച് രശീതി കൈപറ്റേണ്ടതാണ്. ഇതിൽ ഒരുമാസത്തിൽ കൂടുതൽ വീഴ്ച വരുത്തുന്ന പക്ഷം സമർപ്പിച്ച എഗ്രിമെന്റ് റദ്ദ് ചെയ്ത് കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ പുനർലേലം അഥവാ ടെണ്ടർ നടത്തുന്നതാണ്.

6) <u>6 മാസത്തെ വാടക സെക്യൂരിറ്റി ഡെപ്പോസിറ്റായി ലേലം കൊണ്ട വ്യക്തി ലൈസൻസ് ഡീഡ് ഒപ്പു വെക്കുന്നതിന് മുമ്പായി അടക്കേണ്ടതാണ്. ആയത് കാലാവധി കഴിയുന്ന മുറക്ക് ബാദ്ധ്യതകളോ ഇല്ലെന്ന് കാണുന്ന പക്ഷം പലിശ ഇല്ലാതെ തിരിച്ച് നൽകുന്നതാണ്.</u>

7) 3 വർഷത്തേക്ക് ഏൽപന കാലാവുധി നിശ്ചയിച്ച് ടെണ്ടർ അംഗീകരിച്ച് ഉത്തരവ് നൽകുന്ന മുറക്ക് കേരള സ്റ്റാമ്പ് ആക്ട് അനുസരിച്ച് ഉള്ള

മുദ്രപത്രത്തിൽ ലൈസൻസ് ഡീഡ് സ്വന്തം ചിലവിൽ തയ്യാറാക്കി ഒപ്പുവച്ച് നൽകേണ്ടതാണ്.

8) സത്രം ടെണ്ടർ വ്യവസ്ഥയിൽ എടുക്കുന്നവർ ടെണ്ടർ സംഖ്യയ്ക്ക് പുറമെ ടി സംഖ്യയ്ക്ക് നിയമപ്രകാരമുള്ള ജി.എസ്.ടി കൂടി ചേർത്ത് അടക്കേണ്ടതാണ്. ടെണ്ടർ പ്രകാരം സത്രം ഏറ്റെടുക്കുന്ന തിയ്യതി മുതൽ വൈദ്യുതി ചാർജ്ജ്, വാട്ടർ ചാർജ്ജ് അതാത് സമയം സത്രം ലൈസൻസ് വ്യവസ്ഥയിൽ എടുത്ത വ്യക്തി അടക്കേണ്ടതാണ്. ടെണ്ടർ കാലാവധിയിൽ ടി സ്ഥലത്തിന് അടക്കേണ്ടതായ കെട്ടിടനികുതി, ഭൂനികുതി എന്നിവ ടെണ്ടർ കൊണ്ട വ്യക്തി അടക്കേണ്ടതും ടി സംഖ്യ തിരികെ നൽകുന്നതിന് അപേക്ഷ സമർപ്പിക്കുന്ന മുറയ്ക്ക് റീഫണ്ട് ബിൽ ചെയ്ത് നൽകുകയോ വാടകയിൽ കുറവ് ചെയ്ത് നൽകുകയോ ചെയ്യുന്നതാണ്.

9) കൊച്ചിൻ ദേവസ്വം ബോർഡ് അംഗീകരിച്ച പൊതുമാതൃകയിൽ ഉള്ള എഗ്രിമെന്റ് ഫോർമാറ്റിൽ മാത്രം ലൈസൻസ് കരാർ വക്കേണ്ടതാണ്. ഈ കരാറിൽ ബോർഡ് അംഗീകരിക്കാത്ത വ്യവസ്ഥകൾ കൂട്ടി ചേർക്കുവാനോ ബോർഡ് അംഗീകാരമില്ലാതെ നിലവിലുള്ള ക്ലോസുകൾ ഒഴിവാക്കുവാനോ പാടില്ലാത്തതാണ്.

10) ടെണ്ടർ കൊണ്ട വ്യക്തി /സ്ഥാപനം അനുവദിച്ച് ഉത്തരവ് ലഭിച്ച് 15 ദിവസത്തിനകം ആദ്യ വർഷത്തെ ലൈസൻസ് ഫീ സംഖ്യ+ GST കൊച്ചിൻ ദേവസ്വം ബോർഡ് ഓഫീസിൽ അടച്ച് രശീതി കൈപ്പറ്റി നിശ്ചിത സ്റ്റാമ്പ് പേപ്പറിൽ ലൈസൻസ് കരാർ തയ്യാറാക്കി ഒപ്പുവച്ച് താക്കോൽ ഏറ്റ് വാങ്ങേണ്ടതാണ്. അല്ലാത്ത പക്ഷം സത്രം അനുവദിച്ച ഉത്തരവ് റദ്ദ് ചെയ്യുന്നതാണ്. മേൽ കാണിച്ച സംഖ്യകൾ അടച്ച് കഴിഞ്ഞ ശേഷം ലൈസൻസ് കരാർ ഒപ്പുവച്ച് താക്കോൽ ഏറ്റ് വാങ്ങാത്ത പക്ഷം അടച്ച സംഖ്യകൾ എല്ലാംതന്നെ കൊച്ചിൻ ദേവസ്വം ബോർഡിലേക്ക് മറ്റൊരറിയിപ്പ് കൂടാതെ മുതൽ കൂട്ടുന്നതാണ്.

11) സത്രം ലൈസൻസ് വ്യവസ്ഥയിൽ എടുക്കുന്ന വ്യക്തി ടി കെട്ടിടത്തിൽ ഉണ്ടാകുന്ന എല്ലാതരം മാലിന്യങ്ങളും അവരവരുടെ സ്വന്തം ഉത്തരവാദിത്ത്വത്തിലും, സമീപ സ്ഥാപനങ്ങൾക്കോ പൊതുജനങ്ങൾക്കോ തടസ്സമോ, നാശനഷ്ടമോ, ശല്യമോ വരാത്ത വിധം സ്വന്തം ചിലവിൽ നീക്കം ചെയ്യേണ്ടതാണ്. മാലിന്യങ്ങൾ കെട്ടിട സമുച്ചയത്തിന് ദോഷമാകും വിധം കൈകാര്യം ചെയ്യാൻ പാടുള്ളതല്ല. ഇപ്രകാരം പ്രവർത്തിക്കാത്ത പക്ഷം ഉണ്ടാകുന്ന സകലവിധ കഷ്ടനഷ്ടങ്ങൾക്കും അതാത് വ്യക്തികൾ/സ്ഥാപനങ്ങൾ മാത്രം ഉത്തരവാദികൾ ആയിരിക്കുന്നതാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളോ, മറ്റു ഏതെങ്കിലും അധികാരസ്ഥാപനങ്ങൾ നിഷ്കർഷിക്കുന്ന മാലിന്യസംസ്കരണ പ്ലാന്റുകളും, മറ്റും ബന്ധപ്പെട്ട കക്ഷികൾ സ്വന്തം ഉത്തരവാദിത്വത്തിൽ ചെയ്യേണ്ടതാണ്. മാലിന്യ സംസ്കരണം കൊച്ചിൻ ദേവസ്വം ബോർഡിന്റെ ഉത്തരവാദിത്വത്തിൽ വരുന്നതല്ല.

12) ലൈസൻസ് വ്യവസ്ഥയിൽ എടുക്കുന്ന സത്രം അന്യകൈവശം നൽകുകയോ, മേൽ വാടകക്ക് നൽകുകയോ ചെയ്യാൻ പാടില്ലാത്തതാണ്. സത്രത്തിന് ബോർഡിന്റെ അനുമതികൂടാതെ യാതൊരു രൂപമാറ്റങ്ങളോ, കൂടി ചേർക്കലുകളോ നടത്തുവാൻ പാടുള്ളതല്ല. അത്തരം നിർമ്മാണ പ്രവർത്തനങ്ങൾ ദേവസ്വം മരാമത്ത് വിഭാഗത്തിന്റെ മേൽ നോട്ടത്തിലും മുൻകൂട്ടിയുള്ള അനുവാദത്തോടെയും മാത്രം നടത്തേണ്ടതാണ്. കെട്ടിടത്തിന്റെ ഉറപ്പിനെ ബാധിക്കുന്ന വിധത്തിൽ ടി കെട്ടിടത്തിന്റെ യഥാർത്ഥ നിർമ്മിതിക്ക് ബലക്ഷയം വരുത്തുന്ന വിധത്തിൽ ഉള്ള യാതൊരുവിധ നിർമ്മാണ പ്രവൃത്തികളും അനുവദിക്കുന്നതല്ല. മേൽ പ്രകാരം ബോർഡിന്റെ അറിവോ, അനുമതിയോ ഇല്ലാതെ നിയമവിരുദ്ധമായി നിർമ്മിതികൾ നടത്തുന്ന ലൈസൻസിയെ നോട്ടീസ് ഇല്ലാതെ ഒഴിപ്പിക്കുന്നതാണ്.

13) കരാർ കാലാവധിക്ക് മുൻപായി സത്രം ഒഴിയാൻ ആഗ്രഹിക്കുന്ന പക്ഷം ഒഴിയുന്നതിന് 6 മാസം മുമ്പ് വാടക കരാറിൽ നിന്നും ഒഴിയുന്നതാണെന്ന്

കാണിച്ച് കത്ത് നൽകേണ്ടതും, അല്ലാത്തപക്ഷം സെക്യൂരിറ്റി ഡെപ്പോസിറ്റ് മുതൽക്കൂട്ടുന്നതടക്കമുള്ള നടപടികൾ സ്വീകരിക്കുന്നതുമാണ്. ടി കെട്ടിടം ഒഴിയുന്ന തിയ്യതി വരെയുള്ള വൈദ്യുതി ചാർജ്ജ് കുടിശ്ശിക, വെള്ളക്കരം, ലൈസൻസ് ഫീ എന്നിവ അടച്ച് തീർത്ത് ഒഴിമുറി വക്കേണ്ടതും, ടി മുറിക്ക് ഒഴിയുന്ന തിയ്യതി വരെ വൈദ്യുതി കുടിശ്ശിക ഇല്ല എന്നതിന് ഒരു സാക്ഷ്യപത്രവും വെള്ളക്കരം ലൈസൻസ്ഫീ എന്നിവ അടച്ച രശീതികളും ബന്ധപ്പെട്ട സ്ഥാപനത്തിൽ നിന്നും ലഭ്യമാക്കി സമർപ്പിക്കേണ്ടതുമാണ്. ലേലം കൊള്ളുന്ന വ്യക്തി ഇതുമായി ബന്ധപ്പെട്ട് തദ്ദേശീയമായ എല്ലാ നിയമങ്ങളും കാലാകാലങ്ങളിൽ വരുത്തുന്ന ഭേദഗതികളോടെ പാലിക്കുന്നതിനും എല്ലാ ലൈസൻസുകളും മറ്റു അനുമതികളും എടുക്കുന്നതിനും ടെണ്ടർ/ലേലം കൊണ്ട വ്യക്തി ബാദ്ധ്യസ്ഥനാണ്.

14) സത്രം ലൈസൻസ് വ്യവസ്ഥയിൽ എടുത്ത വ്യക്തി ലൈസൻസ് ഫീ മുടക്ക് വരുത്തുന്നപക്ഷം കേരള റവന്യൂ റിക്കവറി നടപടി വഴി കുടിശ്ശിക പിരിച്ചെടുക്കുതിനും, സത്രം ഒഴിപ്പിക്കുന്നതിന് നിയമപ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. കുടിശ്ശിക ഈടാക്കി ലഭിക്കുന്നത് വരെ 12% പലിശ ഈടാക്കുന്നതാണ്.

15) ടെണ്ടർ കൊണ്ട വ്യക്തി കൊച്ചിൻ ദേവസ്വം ബോർഡിന്റെതല്ലാത്ത കാരണത്താൽ ടെണ്ടർ സ്വമേധയാ ഒഴിയുന്നപക്ഷം നിരതദ്രവ്യം സംഖ്യ കൊച്ചിൻ ദേവസ്വം ബോർഡിലേക്ക് മുതൽ കൂട്ടുന്നതാണ്. ഏതെങ്കിലും കാരണവശാൽ ടെണ്ടർ കൊണ്ട മുറി അനുവദിച്ച് നൽകാൻ സാധിക്കാത്ത സാഹചര്യം വരുന്ന പക്ഷം നിരതദ്രവ്യം സംഖ്യ തിരികെ നൽകുന്നതാണ്.

ബോർഡിന് കീർത്തിഭംഗം വരുത്തുന്ന രീതിയിലോ സൽപേരിന് കോട്ടം വരുത്തുന്ന രീതിയിലിയോ ടെണ്ടർ/ലേലം കൊണ്ട വ്യക്തി പ്രവർത്തിക്കാൻ പാടില്ലാത്തതും അത്തരം എന്തെങ്കിലും സാഹചര്യം ഉണ്ടായാൽ ടിയാന്റെ ടെണ്ടർ/ലേലം റദ്ദാക്കി ടിയാന്റെ നഷ്ടോത്തരവാദിത്വത്തിൽ പുനർലേലം നടത്തുന്നതാണ്.

16) വാടക കാലയളവിൽ വാടകക്കാരൻ മൂലം സത്രത്തിലെ ഏതെങ്കിലും തരത്തിലുള്ള നാശനഷ്ടങ്ങൾ സംഭവിക്കുകയും, നാശനഷ്ടം നികത്തുന്നതിന് സെക്യൂരിറ്റി ഡെപ്പോസിറ്റ് തികയാതെ വരുന്ന പക്ഷം വാടകക്കാരന്റെ സ്ഥാവരജംഗമ വസ്തുക്കളിൽ നിന്ന് ഈടാക്കുന്നതുമാണ്

17) വാരണാസി സത്രം മുറികൾ 10 ദിവസത്തിൽ കൂടുതൽ ഒരേ വ്യക്തിയ്ക്ക് വാടകയ്ക്ക് നൽകാൻ പാടില്ലാത്തതാണ്.

18) ഈ എഗ്രിമെന്റ് സംബന്ധിച്ച് എന്തെങ്കിലും തർക്കങ്ങൾ ഉടലെടുക്കുന്ന പക്ഷം ആയതിന്റെ അധികാരപരിധി തൃശ്ശൂർ കോടതികൾക്ക് മുമ്പിലായിരിക്കും.

മേൽ കാണിച്ച വ്യവസ്ഥകൾ പ്രകാരം മാത്രം ടെണ്ടർ സമർപ്പിക്കേണ്ടതാണ്. ടെണ്ടർ സഹിതം തിരിച്ചറിയൽ രേഖയുടെ പകർപ്പ് സമർപ്പിക്കേണ്ടതാണ്. ടെണ്ടർ ദേവസ്വത്തിന് ഗുണകരമല്ലെന്ന് കണ്ടാൽ നിറുത്തി വക്കുന്നതിനും വേണ്ടെന്നു വക്കുന്നതിനും അസാധുവാക്കുന്നതിനും മറ്റു യുക്തമെന്ന് തോന്നുന്ന നടപടി സ്വീകരിക്കുന്നതിനും താഴെ ഒപ്പു വക്കുന്ന ഉദ്യോഗസ്ഥന്/ഉദ്യോഗസ്ഥക്ക് പരിപൂർണ്ണ അധികാരം ഉണ്ടായിരിക്കുന്നതാണ്. ടെണ്ടറുകൾ ഈ പരസ്യം സഹിതം ചേർത്ത നിശ്ചിത മാതൃകയിൽ തന്നെ തയ്യാറാക്കി സമർപ്പിക്കേണ്ടതാണ്.

ടെണ്ടർ സഹിതം തിരിച്ചറിയൽ രേഖയുടെ പകർപ്പ് സമർപ്പിക്കേണ്ടതാണ്. ടെണ്ടർ ദേവസ്വത്തിന് ഗുണകരമല്ലെന്ന് കണ്ടാൽ നിറുത്തി വെക്കുന്നതിനും വേണ്ടെന്നു വെക്കുന്നതിനും, അസാധുവാക്കുന്നതിനും ബോർഡിന് പൂർണ്ണ അധികാരമുണ്ടായിരിക്കുന്നതാണ്.

മേൽ വ്യവസ്ഥകൾ അംഗീകരിക്കാൻ ഞാൻ തയ്യാറാണ്.

ഒപ്പ് :